**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **07-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുകുളങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ മണ്ഡലത്തിൽ പൊതുകുളങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവും വഴി എത്ര പൊതുകുളങ്ങൾ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണവും സംരക്ഷണവും നടത്തിയിട്ടുള്ള പൊതുകുളങ്ങളുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1) ആര്യാട് ഗ്രാമപഞ്ചായത്ത്- പ്ലാശുകുളം, ആനക്കുളം (കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തി)<br><br>2) മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് - കഞ്ഞിക്കുഴി ബ്ലോക്ക് ഓഫീസ് പൊതുകുളം (MGNREGS മുഖേന), മിച്ചവാരം വെളി പൊതുകുളം (PMKSY മുഖേന)<br><br>3) മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് - കേശാംകുളം (MGNREGS മുഖേന ആഴംകൂട്ടി വൃത്തിയാക്കി കയർഭൂവസ്ത്രം വിരിച്ചു)<br><br>4) മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് - തകിടിവെളി കോളനികുളം (MGNREGS മുഖേന ആഴംകൂട്ടി വൃത്തിയാക്കി) |
| (ബി) | ഇനിയും സംരക്ഷിക്കാത്ത എത്ര പൊതുകുളങ്ങൾ ഉണ്ടെന്ന വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് അറിയിക്കാമോ? | (ബി) | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഒരു പൊതുകുളം പുനരുദ്ധാരണം നടത്തി സംരക്ഷിക്കുവാനുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0-ൽ ഉൾപ്പെടുത്തി ജലസ്രോതസുകളുടെ (തോടുകളുടെയും കുളങ്ങളുടെയും) പുനരുജ്ജീവനത്തിനായി ആലപ്പുഴ നഗരസഭയിൽ 3.688 കോടി രൂപയുടെ 8 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 6 പദ്ധതികൾ ഇതിനകം ആരംഭിച്ച് കഴിഞ്ഞു. 2 പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന നടപടി സ്വീകരിച്ച് വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള |

| | | | |
|---|---|---|---|
| | | | ആലപ്പുഴ നഗരസഭയിലെ കുളങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു<br><br>1) അല്ലിശേരി ക്ഷേത്ര കുളം - ഭരണാനുമതി നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു<br><br>2) പതിയാംകുളങ്ങര ക്ഷേത്ര കുളം - പ്രവൃത്തി പുരോഗമിക്കുന്നു<br><br>3)വെളിയകുളം പൊതു കുളം - പ്രവൃത്തി പുരോഗമിക്കുന്നു |

സെക്ഷൻ ഓഫീസർ